**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3920** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ നിരക്ക് വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി ഗാർഹിക ഉപഭോക്താക്കളുടേത് ഉൾപ്പടെയുള്ളവരുടെ കുടിവെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിലൂടെ ഉപഭോക്താക്കൾക്ക് എത്ര ശതമാനം വരെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാനിടയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 10/02/2021 ലെ GO(MS)No.9/2021/WRD നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള വാട്ടർ ചാർജിന്റെ 5% പ്രതിവർഷം വർധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. 01/04/2021 മുതൽ പ്രസ്തുത വർദ്ധനവ് നിലവിൽ വന്നു. ഇത് മൂലം ആകെയുള്ള 31.35 ലക്ഷം ഉപഭോക്താക്കളിൽ 25.97ലക്ഷം (82.84%) പേർക്കും 1.00 രൂപ മുതൽ 6.00 രൂപ വരെയുള്ള നാമ മാത്രമായ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്. |
| (ബി) | വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി-ക്ക് നൽകാൻ കുടിശ്ശികയുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി-ക്ക് 31.03.2021 വരെ 634.42 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിനും ബാധ്യതകൾ കൊടുത്തു തീർക്കുന്നതിനും കുടിവെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുന്നത് ജനവിരുദ്ധ നടപടിയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കാനും ബാധ്യതകൾ തീർക്കുന്നതിനും 01/04/2021 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള വർധനവ് സഹായകരമല്ല. ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. 1000 ലിറ്റർ ജലം ശുദ്ധീകരിക്കുന്നതിന് 22.85 രൂപ ചിലവാകുമ്പോൾ ശരാശരി 11.93 രൂപ മാത്രമാണ് 1000 ലിറ്ററിനു അതോറിറ്റിക്ക് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ